പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2954 — 18/06/2018 ൽ മറുപടിക്ക്

## സർവ്വെയും ഭൂരേഖയും വകുപ്പിന്റെ റവന്യൂ വകുപ്പുമായുള്ള ലയനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വേയും ഭൂരേഖയും വകുപ്പ് റവന്യൂ വകുപ്പിൽ ലയിപ്പിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തുടർ നടപടികൾ വിശദമാക്കാമോ; | (എ), (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) വില്ലേജ് ഓഫീസിൽ സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ സർവ്വേയർമാരെ നിയമിക്കാൻ സാദ്ധ്യത ഉണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള സർവ്വേയർ റാങ്ക് ലിസ്റ്റിൽ നിന്നാണോ നിയമനം നൽകുകയെന്ന് വ്യക്തമാക്കുമോ; | |
| (സി) റീസർവ്വേ കഴിഞ്ഞ വില്ലേജ് ഓഫീസുകളിലെ പരാതികൾ തീർപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ പരിപാലനവും, റീസർവ്വെയ്ക്ക് ശേഷമുണ്ടായിട്ടുള്ള പരാതികൾ തീർപ്പാക്കുന്നതിനുള്ള ചുമതലയും അഡീഷണൽ തഹസിൽദാർക്ക് നൽകി സ.ഉ(എം.എസ്) നം.200/10/റവന്യൂ തീയതി 31.05.2010 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കുവാൻ കഴിയാതെവന്നതിനെ തുടർന്ന് പരാതികൾ അതിവേഗം തീർപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ ഉദ്യോഗസ്ഥതലത്തിലുണ്ടായിരുന്ന വിവിധ തട്ടുകൾ കുറവ് ചെയ്ത് ഹെഡ് സർവ്വെയർ അംഗീകരിച്ച സർവ്വെ റിപ്പോർട്ട് പ്രകാരം പരാതികളിൽ തീർപ്പ് കൽപ്പിച്ച് ഉത്തരവാകുന്നതിനും റിക്കാർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള ചുമതല |

ഭൂരേഖ തഹസീൽദാരിൽ നിക്ഷിപ്തമാക്കിയും 26.08.2017-ൽ സ.ഉ.(എം.എസ്) നം.303/2017/റവന്യൂ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നിലവിലും ധാരാളം പരാതികൾ തീർപ്പാക്കാതെ അവശേഷിക്കുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും വില്ലേജ് തലത്തിൽ എൽ.ആർ.എം പരാതി പരിഹാര അദാലത്ത് സംഘടിപ്പിച്ച്, അടുത്ത 6 മാസംകൊണ്ട് പരാതികൾ പൂർണ്ണമായും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ